**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2962** **07-10-2025 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന വകുപ്പിന് പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീമതി ഉമ തോമസ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് പട്ടികജാതി വികസന വകുപ്പിലുള്ളതുപോലെ പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും പ്രതിസന്ധി നേരിടുന്നതായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെ പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | **പിന്നാക്ക വിഭാഗ വികസന വകുപ്പിന് പട്ടികജാതി വികസന വകുപ്പിലുള്ളതു പോലെ പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ ഇല്ല. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ കൂടുതൽ തസ്തികകളും ഓഫീസുകളും അനുവദിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തി പഠന റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.** |
| (ബി) | പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | **പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.** |
| (സി) | വകുപ്പും ഗുണഭോക്താക്കളും തമ്മിലുള്ള വിടവ് നികത്തുന്നതിനും വകുപ്പിനെ ജനോപകാരപ്രദമാക്കുന്നതിനും എസ്. സി. പ്രമോട്ടർമാരുടെ മാതൃകയിൽ പിന്നാക്ക വിഭാഗ പ്രമോട്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | **പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ